# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2563** 14.12.2015-ൽ മറുപടിക്ക്

## ക്യാൻസർ രോഗികൾക്കായി ജനപങ്കാളിത്ത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ക്യാൻസർ രോഗനിർണ്ണയത്തിനും പാലിയേറ്റീവ് കെയറിനും എൻ.ജി.ഒ.കളുമായും സർക്കാരിതര ഏജൻസികളുമായും സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (എ) | ക്യാൻസർ രോഗികളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ച് വരുന്നതായും, ക്യാൻസർ രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ കടുത്ത വേദനയിലും കിടപ്പിലായതുമായ നിരവധി രോഗികൾ സംസ്ഥാനത്ത് ഉള്ളതായും കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്തെ സാന്ത്വന ചികിത്സ ആവശ്യമായ രോഗികളിൽ ഒരു വലിയ ശതമാനം പേർ ക്യാൻസർ രോഗത്തിന്റെ ദുരിതം അനുഭവിക്കുന്നവരാണ്. ആരോഗ്യവകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിയിലൂടെ ഒരു വലിയ വിഭാഗം രോഗികൾക്ക് സാന്ത്വനപരിചരണം നൽകാൻ സാധിക്കുന്നുണ്ട്. സംസ്ഥാനത്ത് മുന്നൂറിലേറെ (300) സന്നദ്ധ സംഘടനകൾ സാന്ത്വന പരിചരണ രംഗത്ത് നിലവിലുണ്ട്. ഇതിന് പുറമേ സാമൂഹ്യ സുരക്ഷാ വകുപ്പിന്റെ വയോമിത്രം പദ്ധതിയും മുൻസിപ്പൽ കോർപ്പറേഷൻ ഏരിയയിൽ പ്രവർത്തിച്ചുവരുന്നു. ഈ സംഘടനകളുമായി പ്രാദേശിക തലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും സാങ്കേതികമായ എല്ലാ സഹകരണങ്ങളും ആരോഗ്യവകുപ്പ് നൽകിവരുന്നുണ്ട്. ക്യാൻസർ രോഗനിർണ്ണയത്തിന് പ്രാദേശിക തലത്തിൽ ക്യാമ്പുകളും, ക്ലിനിക്കുകളും ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കിവരുന്നു. സന്നദ്ധ സംഘടനകളുമായും സർക്കാരിതര ഏജൻസികളുമായും സാങ്കേതികമായ എല്ലാ സഹകരണങ്ങളും നിലവിലുണ്ടെങ്കിലും സാമ്പത്തികമായ ഒരു കരാറിലും ആരോഗ്യവകുപ്പ് ഏർപ്പെട്ടിട്ടില്ല.<br><br>റീജിയണൽ കാൻസർ സെന്ററിൽ പാലിയേറ്റീവ് കെയർ രോഗികൾക്കായി ഒരു സർക്കാരിതര ഏജൻസിയായ 'കെയർ പ്ലസ്' എന്ന സംഘടനയ്ക്ക് പ്രവർത്തിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ നൽകിയിട്ടുണ്ട്. അവർ തിരുവനന്തപുരം ജില്ലയിലുള്ള ആർ.സി.സിയിൽ ചികിത്സയിലിരി |

| | | | |
|---|---|---|---|
| | | | ക്കുന്ന പാലിയേറ്റീവ് **കെയർ** ചികിത്സ ആവശ്യമുള്ള കാൻസർ രോഗികളെ വീടുവീടാന്തരം സന്ദർശിക്കുകയും അവർക്കു വേണ്ട സഹായങ്ങൾ നൽകുകയും ക്ലിനിക്കുകൾ നടത്തുകയും ചെയ്യുന്നുണ്ട്.<br>മലബാർ കാൻസർ സെന്ററിൽ നിലവിൽ ഇ-പാലിയേറ്റീവ് കെയർ വഴിയാണ് ഗൃഹകേന്ദ്രീകൃത പരിചരണം നടപ്പിലാക്കുന്നത്. എം.സി.സി.യുടെയും സി-ഡിറ്റിന്റെയും ഗവേഷണ പങ്കാളിത്തത്തിന്റെ ഭാഗമായി ഇതിനായി പ്രത്യേക സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. ആശുപത്രിയിലുള്ള ഡോക്ടർ ഗൃഹകേന്ദ്രീകൃത പരിചരണ ടീമിന്റെ സഹായത്തോടെ ഇന്റർനെറ്റ് വഴി ചികിത്സ നടപ്പിലാക്കുന്ന രീതിയാണിത്. രോഗിയെ ഡോക്ടർക്കും, രോഗിക്ക് ഡോക്ടറേയും നേരിട്ടുകണ്ട് അവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ചികിത്സ നിർണ്ണയിക്കാൻ സാധിക്കുന്നു. കണ്ണൂർ ജില്ലയിലെ രണ്ട് പാലിയേറ്റീവ് സെന്ററുകളുമായും പരീക്ഷണാടിസ്ഥാനത്തിൽ ഇ- പാലിയേറ്റീവ് കെയർ നടപ്പിലാക്കുകയും ഫലപ്രദമായിത്തീരുകയും ചെയ്തിട്ടുണ്ട്. ഇത് എൻ.ജി.ഒ കളുമായും, സർക്കാരിതര ഏജൻസികളുമായും സഹകരിച്ച് രോഗികൾക്ക് ഉപയോഗപ്രദമാക്കാവുന്ന പദ്ധതിയാണ്. |
| (ബി) | പാലിയേറ്റീവ് കെയറിന് മതിയായ സൗകര്യം നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ മൂന്ന് തലത്തിലാണ് നടപ്പിലാക്കി വരുന്നത്. ഭവന സന്ദർശനത്തിലൂടെ, ശൈയ്യാവലംബരായ രോഗികൾക്ക് ആവശ്യവൈദ്യസഹായം നൽകുന്ന പ്രൈമറി കെയർ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്നു. ദേശീയ ആരോഗ്യമിഷന്റെ സഹായത്തോടെ വിദഗ്ധ ചികിത്സ വേണ്ട രോഗികളെ ആശുപത്രികളിൽ ചികിത്സിക്കുന്നതിനുള്ള സെക്കന്ററി കെയർ പദ്ധതി 95 സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. ഡോക്ടർമാർക്കും, പാലിയേറ്റീവ് പ്രവർത്തകർക്കും പരിശീലനം നൽകുന്ന 15 ട്രെയിനിംഗ് സെന്ററുകളിലൂടെ ടെർഷ്യറി കെയർ സംസ്ഥാനത്ത് നടന്നു വരുന്നു. പ്രതിമാസം 49,000 ത്തോളം രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭിച്ചുവരുന്നു.<br>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പാലിയേറ്റീവ് കെയറിനായി പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നില്ല. എന്നാൽ അനസ്തേഷ്യ വിഭാഗവുമായി ബന്ധപ്പെട്ട് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും നടന്നുവരുന്നു.<br>റീജിയണൽ കാൻസർ സെന്ററിൽ പാലിയേറ്റീവ് മെഡിസിൻ എന്ന ഒരു പ്രത്യേക വിഭാഗം തന്നെയുണ്ട്. ഇതു കൂടാതെ ഔട്ട് പേഷ്യന്റ് വിഭാഗവും കിടത്തി ചികിത്സയ്ക്ക് |

| | | | |
|---|---|---|---|
| | | | ദേവണ്ടിയുള്ള സുസജ്ജമായ പാലിയേറ്റീവ് കെയർ വാർഡും ഉണ്ട്. ആർ.സി.സിയിൽ രജിസ്റ്റർ ചെയ്ത രോഗികൾക്കായി ദ്രവരൂപത്തിലും ഗുളിക രൂപത്തിലും ഉള്ള മോർഫിൻ നിർമ്മിച്ചു വിതരണം നടത്തുന്നതിനുള്ള ഒരു യൂണിറ്റും പാലിയേറ്റീവ് മെഡിസിൻ ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.ആർ.സി.സി. യിലെ പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികൾക്കു പഠനത്തിന്റെ ഭാഗമായി പാലിയേറ്റീവ് മെഡിസിനിലും പരിശീലനം നൽകുന്നതോടൊപ്പം പുറത്തുള്ള ഡോക്ടർമാർക്കും നഴ്സുമാർക്കും ആവശ്യപ്പെടുന്നപക്ഷം പരിശീലനം നൽകി വരുന്നു.<br>കാൻസർ പാലിയേറ്റീവ് വിഭാഗം മലബാർ കാൻസർ സെന്ററിൽ 2009 മുതൽ പ്രവർത്തിച്ചു വരുന്നു. ഈ വിഭാഗത്തിൽ നിർദ്ദിഷ്ട മേഖലയിൽ പരിശീലനം ലഭിച്ച ഡോക്ടറും നഴ്സിംഗ് ജീവനക്കാരും മറ്റും പ്രവർത്തിച്ചുവരുന്നു. ഈ വിഭാഗത്തിന്റെ കീഴിൽ രോഗികളെ കിടത്തി ചികിത്സയും, ഒ.പി. വിഭാഗവും പ്രവർത്തിച്ചുവരുന്നു. കൂടാതെ ആഴ്ചയിൽ 2 ദിവസം സെന്ററിന്റെ 35 കി.മീ. പരിധിയിൽ വരുന്ന പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്. |
| (സി) | ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ പദ്ധതിയിൽ ക്യാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പരിപാടികൾ എന്തെല്ലാമാണ് ? | (സി) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയുടെ പ്രധാനഘടകമായ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി. ഡി.സി.എസ് ദേശീയ ആരോഗ്യമിഷന്റെ നേതൃത്വത്തിലാണ് നടത്തിവരുന്നത്. (National Programme for Control of Diabetes, CVD, Cancer and Stroke) ഈ പദ്ധതിയിൽ ക്യാൻസർ ചികിത്സയ്ക്ക് പ്രത്യേക ഫണ്ട് വകയിരുത്തുകയും, പദ്ധതി നിലവിലുള്ള 5 ജില്ലാ ആശുപത്രികളിൽ ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമതലത്തിൽ രോഗനിർണ്ണയവും, ചികിത്സയും വിഭാവനം ചെയ്ത Kerala Campaign against Cancer പദ്ധതിയും ദേശീയ ആരോഗ്യമിഷന്റെ ആഭിമുഖ്യത്തിലാണ് നടപ്പിലാക്കി വരുന്നത്. ക്യാൻസർ ചികിത്സാ രംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് സൗജന്യചികിത്സ നൽകുന്നതിനുള്ള 'സുകൃതം' പദ്ധതിയുടെ മേൽ നോട്ടവും ആരോഗ്യമിഷൻ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.<br>2014 ജനുവരി മാസം കേരള ആരോഗ്യ വകുപ്പും NRHM ഉം ചേർന്ന് ഒരു സമഗ്ര കാൻസർ നിയന്ത്രണപദ്ധതിയ്ക്ക് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയായി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശൂർ എന്നീ ജില്ലകളിൽ നിന്നുള്ള NRHM ഡോക്ടർമാർക്കും NRHM നഴ്സുമാർക്കും |

| | | | |
|---|---|---|---|
| | | | കാൻസർ ബോധവൽ കരണ ക്ലാസ്സുകളും മുൻകൂർ കാൻസർ നിർണ്ണയത്തിനാവശ്യമായ പ്രായോഗിക പരിശീലനവും ആർ.സി.സി നൽ കന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**